# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പള്ളിവാസൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2019-2020**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: kSAD IDK.No.7/892/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 20/11/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളിവാസൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: kSAD IDK.No.7/892/21 തീയ്യതി: 20/11/2021

**ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-11-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സി. ആർ. ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 13-09-2021 | 22-09-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-09-2021 | 22-09-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി സുസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ
ശ്രീ. രാജീവ് എം. എസ്., ഓഡിറ്റ് ഓഫീസർ
ശ്രീമതി മരുൺ മാത്യു, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ജോസഫ് ചാക്കോ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. അഭിലാഷ് എം. കെ. അസി. ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. തുളസിഭായ് കൃഷ്ണൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ഹരി പുരുഷോത്തമൻ | സെക്രട്ടറി | 01-04-2019 | 29-08-2019 |
| ശ്രീമതി. അമിത സി.ഒ | സെക്രട്ടറി | 30-08-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.റിനോജ് ജോസഫ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.ജമീല എം.യു | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.റീനു രാജ് | ഹോമിയോ,മെഡിക്കൽ ഓഫീസർ | 01-04-2019 | 20-11-2019 |
| ഡോ.ശ്രീകല എൻ | ഹോമിയോ,മെഡിക്കൽ ഓഫീസർ | 21-11-2019 | 31-03-2020 |
| ശ്രീ.സുജിത്ത് പി.രാഘവൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. ജസ്റ്റിൻ തോമസ് | വി.ഇ.ഒ. | 01-04-2019 | 24-10-2019 |
| ശ്രീ. രതീഷ് കെ. കെ. | വി.ഇ.ഒ. | 25-10-2019 | 31-03-2020 |
| ശ്രീ. വൈശാഖൻ ആർ. എൽ. | അസി. എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി. സിജി എം. എ. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. അരവിന്ദ് പി. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.മെർലിൻ കുര്യാക്കോസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ശ്രീമതി. യേശുദാസി എസ്. മേരി | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Marun Mathew (Asst. Audit Officer, On 15-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 12-11-2021) | 1-1 |
| 2 | ബജറ്റ് ഫയൽ<br>Written By: Marun Mathew (Asst. Audit Officer, On 15-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 12-11-2021) | 1-1-1 |
| 3 | നടപടി ക്രമങ്ങൾ പാലിക്കാതെ പരിഷ്കരിച്ച ബജറ്റ് പാസാക്കി<br>Written By: Marun Mathew (Asst. Audit Officer, On 15-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 12-11-2021) | 1-1-2 |
| 4 | നികുതി/നികുതിയേതര ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ് വിശകലനം<br>Written By: Marun Mathew (Asst. Audit Officer, On 15-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 12-11-2021) | 1-1-3 |
| 5 | റവന്യൂ ചെലവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ് അവലോകനം<br>Written By: Marun Mathew (Asst. Audit Officer, On 15-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-1-4 |
| 6 | വാർഷിക ധനകാര്യ പത്രിക<br>Written By: Marun Mathew (Asst. Audit Officer, On 13-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 12-11-2021) | 1-2 |
| 7 | ഗ്രാന്റ് വിനിയോഗം<br>Written By: Marun Mathew (Asst. Audit Officer, On 15-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-3 |
| 8 | പദ്ധതി അവലോകനം<br>Written By: M.S.Rajeev (Audit Officer, On 23-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-4 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Marun Mathew (Asst. Audit Officer, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 12-11-2021) | 1-5 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Susaniamma Thomas (Audit Officer, On 13-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-6 |
| 11 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Susaniamma Thomas (Audit Officer, On 13-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 06-11-2021) | 1-7 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Susaniamma Thomas (Audit Officer, On 21-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-8 |
| 13 | സ്റ്റേയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചിട്ടില്ല<br>Written By: Marun Mathew (Asst. Audit Officer, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 12-11-2021) | 1-9 |
| 14 | ലോൺ രജിസ്റ്റർ അപാകതകൾ<br>Written By: Marun Mathew (Asst. Audit Officer, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 06-11-2021) | 1-10 |
| 15 | ഡിപ്രിസിയേഷൻ<br>Written By: Marun Mathew (Asst. Audit Officer, On 16-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 06-11-2021) | 1-11 |
| 16 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ<br>Written By: Marun Mathew (Asst. Audit Officer, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 17-11-2021) | 1-12 |
| 17 | ലൈസൻസ് - സർക്കാർ ഉത്തരവ് പാലിച്ചില്ല<br>Written By: M.K.Abhilash (Asst. Audit Officer, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-13 |
| 18 | വസ്തു നികുതി - നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ്<br>Written By: M.K.Abhilash (Asst. Audit Officer, On 22-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-14 |
| 19 | എസ്.എസ്.എ വിഹിതം - രേഖകൾ ഹാജരാക്കിയില്ല<br>Written By: Marun Mathew (Asst. Audit Officer, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 12-11-2021) | 1-15 |
| 20 | മൃഗാശുപത്രിക്ക് കംപ്യൂട്ടർ വാങ്ങൽ - ബിൽ ഹാജരാക്കിയില്ല<br>Written By: Joseph Chacko (Asst. Audit Officer, On 17-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 12-11-2021) | 1-16 |
| 21 | നിയമപരമായ കാലാവധിക്ക് ശേഷവും കരാർ ചമയ്ക്കാത്ത കരാറുകാരുടെ ടെണ്ടർ റദ്ദ് ചെയ്യാതെ കരാർ ചമയ്ക്കാൻ അനുവദിച്ചു<br>Written By: M.S.Rajeev (Audit Officer, On 23-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-17 |
| 22 | ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവ്യത്തികളുടെ ടെണ്ടർ ഫോം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റു ചെയ്തതിന്റെ വിവരം ലഭ്യമല്ല<br>Written By: M.S.Rajeev (Audit Officer, On 23-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-18 |
| 23 | നിയമാനുസൃതമായ സമയ പരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് പിഴ ഈടാക്കിയിട്ടില്ല<br>Written By: M.S.Rajeev (Audit Officer, On 23-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-19 |
| 24 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: Susaniamma Thomas (Audit Officer, On 20-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-20 |
| 25 | ആശ്രയ പദ്ധതി - തുക ചെലവഴിക്കാത്തത്<br>Written By: Joseph Chacko (Asst. Audit Officer, On 17-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 12-11-2021) | 1-21 |
| 26 | എച്ച്.എം.സി. വാർഷിക കണക്കുകൾ സമർപ്പിക്കുന്നില്ല<br>Written By: Susaniamma Thomas (Audit Officer, On 20-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 06-11-2021) | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 13-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 12-11-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Susaniamma Thomas (Audit Officer, On 13-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 12-11-2021) | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപ പ്രവർത്തികൾ<br>Written By: Marun Mathew (Asst. Audit Officer, On 13-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 06-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Susaniamma Thomas (Audit Officer, On 13-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 12-11-2021) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Marun Mathew (Asst. Audit Officer, On 17-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 12-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Susaniamma Thomas (Audit Officer, On 13-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 06-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Marun Mathew (Asst. Audit Officer, On 17-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 12-11-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Marun Mathew (Asst. Audit Officer, On 13-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 12-11-2021) | 4-8 |
| 9 | ചാർജ് സർചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 13-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Susaniamma Thomas (Audit Officer, On 13-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 12-11-2021) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 13-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 06-11-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

19.02.2019-ലെ 1-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2019-20-ലെ ബജറ്റ് 20.02.2019-ലെ 1(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതിയുടെ അംഗീകാരം നേടി. ₹15,93,12,500/- വരവും ₹15,45,59,503/- ചെലവും ₹4,99,82,157/- നീക്കിയിരിപ്പും ഉള്ള പുതുക്കിയ ബജറ്റ് 14.02.2020-ലെ 3-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുകയും ആയത് 15.02.2020-ലെ 5(1) നമ്പർ തീരുമാന പ്രകാരവും ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

#### 1-1-1 ബജറ്റ് ഫയൽ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(1) പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശം ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റികളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും നല്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത നിർദ്ദേശങ്ങളെ പരിഗണിച്ചുകൊണ്ടുമാണ് ബജറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ ബജറ്റ് ഫയലിൽ സെക്രട്ടറി ഉൾപ്പെടെയുള്ള വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബജറ്റ് നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പരിഗണിക്കുകയോ അവരുമായി ചർച്ച ചെയ്യുകയോ ചെയ്തിട്ടുള്ളതായി കാണിക്കുന്ന ഒരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സെക്രട്ടറിയും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റും നിർദ്ദേശങ്ങളും തയ്യാറാക്കി നല്കിയിട്ടുള്ളതായി കാണുന്നില്ല.

#### 1-1-2 നടപടി ക്രമങ്ങൾ പാലിക്കാതെ പരിഷ്കരിച്ച ബജറ്റ് പാസാക്കി

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റ് എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട് വർഷത്തെ പരിഷ്കരിച്ച ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, ഗ്രാമ പഞ്ചായത്ത് 2019-20-ലെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും പുതുക്കിയ പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല.

#### 1-1-3 നികുതി/നികുതിയേതര ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ് വിശകലനം

സ്ഥാപനത്തിന്റെ നികുതി, നികുതിയേതര ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റിന്റേയും യഥാർത്ഥത്തിലുള്ളതിന്റേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ഇനം | 2019-20 പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം | വ്യതിയാനം |
|---|---|---|---|
| നികുതി വരവ് | 16750000 | 15426300 | 132370 |
| വാടക | 612500 | 573670 | 38830 |
| ഫീ &യൂസർ ചാർജ് | 3608000 | 704949 | 2903051 |
| സെയിൽ ആന്റ് ഹയർ ചാർജ് | 520000 | 129990 | 390010 |

#### 1-1-4 റവന്യൂ ചെലവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ് അവലോകനം

| ഇനം | 2019-20-ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് (₹) | യഥാർത്ഥ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം (₹) | വ്യതിയാനം (₹) |
|---|---|---|---|
| എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 11133000 | 9287895 | 1845105 |
| ഭരണ ചെലവുകൾ | 1610554 | 1122046 | 488508 |
| സംരക്ഷണവും നടത്തിപ്പും | 1535500 | 1401233 | 134267 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | **18.**05.2020 | - | - |

### 1-3 ഗ്രാന്റ് വിനിയോഗം

| ഇനം | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം (ACR പ്രകാരം) | - | 13585000 | 13585000 | 10126079 | 3458921 |
| വികസനഫണ്ട് – എസ്.സി.പി. (ACR പ്രകാരം) | - | 11798000 | 11798000 | 4997792 | 6800208 |
| വികസനഫണ്ട് – ടി.എസ്.പി. (ACR പ്രകാരം) | - | 259000 | 259000 | 251647 | 7353 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 10383000 | 10383000 | 5848289 | 4534711 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് (ACR പ്രകാരം) | | 6098000 | 6098000 | 2840096 | 3257904 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം (ACR പ്രകാരം) | - | 4210000 | 4210000 | 1979071 | 2230929 |
| എൻ.ആർ.ഇ.ജി.എസ്.- കൂലി ചെലവ് | - | 26397100 | 26397100 | 26397100 | - |
| എൻ.ആർ.ഇ.ജി.എസ്.- ഭരണ ചെലവ് | 21676 | 4487185 | 4508861 | 4505285 | 3576 |
| ഐ.സി.ഡി.എസ്. | 225723 | 998832 | 1224555 | 621232 | 603323 |
| സമ്പൂർണ്ണ ശുചിത്വം | 32147 | - | 32147 | - | 32147 |
| വിമുക്തി | 39140 | - | 39140 | - | 39140 |
| ഹരിത കേരളം | 17193 | - | 17193 | - | 17193 |
| പശ്ചിമഘട്ട വികസന പദ്ധതി | 14013 | - | 14013 | - | 14013 |
| MLA ഫണ്ട് | 17 | - | 17 | - | 17 |
| ശുചിത്വ മിഷൻ | 3172093 | 14000 | 3312093 | - | 3312093 |
| വെള്ളപ്പൊക്ക ദുരിതാശ്വാസം സംഭാവന | 18861 | - | 18861 | 18861 | - |
| കേരളോത്സവം | - | 2000 | 2000 | 2000 | - |

2018-19 വാർഷിക കണക്കിൽ ബി-4 ഷെഡ്യൂളിൽ ഹെഡ് നം. 320300199ൽ ബാലൻസ് ഉണ്ടായിരുന്ന ₹1,13,293/-യാണ് മുൻവർഷ റിപ്പോർട്ടിൽ അംഗൻവാടി ശുചിമുറി, UID, BPL-ഇൻസെന്റീവ്, ആരോഗ്യ ഇൻഷ്വറൻസ് എന്നീ ഇനങ്ങളിൽ നല്കിയിരിക്കുന്നത്. തൻവർഷ വാർഷിക കണക്കിൽ ബി-4 ഷെഡ്യൂളിൽ ഹെഡ് നം. 320300199 ₹32,36,242/- ബാലൻസ് ഉണ്ട്. ആയത് ഏതിനത്തിലുള്ള ഗ്രാന്റ് തുകയാണെന്ന് വ്യക്തമല്ല. ആർ.പി. 31-ൽ പ്രസ്തുത ഹെഡിൽ ₹78,24,070/- വീതം വരവ് ഉണ്ട്. ആയത് ഏതിനത്തിലുള്ള ഗ്രാന്റ് തുകയിലെ വരവാണെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/16.09.2021) മറുപടി നല്കിയിട്ടില്ല. ആയതിനാൽ ഹെഡ് നം. 320300199 പ്രകാരമുള്ള വരവ് ചെലവുകൾ ഗ്രാന്റിനൊപ്പം ചേർത്തിട്ടില്ല. 2019-20 ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഗ്രാന്റുകളുടെ അലോട്ട് ചെയ്ത മുഴുവൻ തുകകളും വരവിലെടുത്തിട്ടില്ലാത്തതിനാൽ യഥാർത്ഥ വരവ് ചെലവുകളുമായി 2020-21-ലെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല.

**1-4 പദ്ധതി അവലോകനം**

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 262 പ്രൊജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 128 പ്രൊജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി ആകെ വകയിരുത്തിയിരുന്ന ₹12,44,20,065/-ന്റെ 41.68 ശതമാനമായ ₹5,18,61,063/- മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. സെക്രട്ടറി, അസി. സെക്രട്ടറി, വി.ഇ.ഒ. എന്നിവരുടെ ഫണ്ട് വിനിയോഗം വളരെ കറവാണ്. യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നീ ഗ്രാന്റിനങ്ങളിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമായ തുക പൂർണ്ണമായി വിനിയോഗിക്കാൻ സാധിക്കാത്തതിനാൽ കാലഹരണപ്പെട്ടു.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ് ₹ | നടപ്പിലാക്കാത്ത പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2134000 | 1 | 1498500 | 1 | 70.22 |
| വെറ്ററിനറി സർജൻ | 5 | 3050000 | 5 | 1019741 | - | 33.43 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 3 | 1400000 | 3 | 1083651 | - | 77.40 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 300000 | 1 | 300000 | - | 100 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 800000 | 3 | 724217 | - | 90.53 |
| വി.ഇ.ഒ | 11 | 36569506 | 9 | 18085810 | 2 | 49.46 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 2 | 4800000 | 2 | 4006438 | - | 83.47 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 900000 | 1 | 815216 | - | 90.58 |
| സെക്രട്ടറി | 18 | 10968567 | 7 | 2573019 | 11 | 23.46 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 211 | 61081502 | 94 | 21071101 | 117 | 34.50 |
| അസി. സെക്രട്ടറി | 5 | 2416490 | 2 | 683370 | 3 | 28.28 |
| ആകെ | 262 | 124420065 | 128 | 51861063 | 134 | 41.68 |

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ രൂപീകരണം നിർവ്വഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി കാണുന്നില്ല. പഞ്ചായത്ത് ഭരണ സമിതി യോഗങ്ങളിലും പ്രൊജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച നിരന്തര വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രൊജക്റ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്.

**1-5 തൊഴിലുറപ്പ് പദ്ധതി**

തൊഴിലുറപ്പ് പദ്ധതി – വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 21676 | 4487185 | 4508861 | 4505285 | 3576 |
| തൊഴിലാളികളുടെ കൂലി | - | 26375424 | 26375424 | 26375424 | - |

| വർഷാരംഭത്തിൽ ഉണ്ടായിരുന്ന തൊഴിൽ കാർഡുകൾ - എണ്ണം | ഒഴിവായ കാർഡുകൾ | പുതുതായി നല്കിയ കാർഡുകൾ - എണ്ണം | വർഷാവസാനമുള്ള ആകെ കാർഡുകൾ | തൊഴിൽ ആവശ്യപ്പെട്ടവർ | |
|---|---|---|---|---|---|
| | | | | കുടുംബങ്ങൾ | വ്യക്തികൾ |
| 3295 | 10 | 163 | 3448 | 1339 | 1680 |

**1-6 ക്ഷേമ പദ്ധതികൾ**

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19440 | 46 |
| കർഷകതൊഴിലാളി പെൻഷൻ | 799800 | 125 |
| വാർദ്ധക്യകാലപെൻഷൻ | 8029200 | 1665 |
| വികലാംഗപെൻഷൻ | 1176100 | 225 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 48000 | 9 |

**1-6-1) പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം**

ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്കു യഥാസമയം കൈമാറി അവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചാണ് തീർപ്പ് കല്പിക്കുന്നത്. ഇത്തരത്തിൽ ലഭിക്കുന്ന ഓരോ അപേക്ഷയും തീർപ്പാക്കുന്നതിന് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ചട്ടങ്ങൾ പ്രകാരം സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

സമയപരിധി കേവലം ഒന്നര മാസം മുതൽ രണ്ട് മാസം വരെയായിരിക്കെ അപേക്ഷകളിൽ തീരുമാനമെടുക്കാൻ കാലതാമസമുണ്ടാകുന്നതായി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വെളിവാക്കുന്നു. പല അപേക്ഷകളും അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയത് വരെയുള്ള വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിലുള്ളത്. സമൂഹത്തിൽ ഏറ്റവും പാർശ്വവത്ക്കരിക്കപ്പെട്ടവരും സാമ്പത്തികപരവും ആരോഗ്യപരവുമായി ഏറെ പിന്നിൽ നിൽക്കുന്നവരുമായ ജനവിഭാഗത്തിന് ഒരു കൈത്താങ്ങ് എന്ന നിലയിൽ സർക്കാർ അവതരിപ്പിച്ചിട്ടുള്ള സാമൂഹ്യസുരക്ഷാ പെൻഷനുകൾ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് അർഹമായ കൈകളിലേക്ക് താമസംവിനാ എത്തിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് ബുക്കിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ച വിവിധ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമർപ്പിക്കപ്പെട്ട മുഴുവൻ അപേക്ഷകളും യഥാവിധി തീർപ്പാക്കിയെന്ന് ഉറപ്പ് വരുത്തിയിട്ടില്ല. ഭരണസമിതി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

**1-7 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.09.2021-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹12,491/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-8 ആഭ്യന്തര നിയന്ത്രണം**

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തി വരുന്നില്ല. ബജറ്റ് കുറ്റമറ്റതായും വസ്തുനിഷ്ഠവുമായും തയ്യാറാക്കുന്നതിൽ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും ജാഗ്രത പുലർത്തേണ്ടതാണ്. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുണ്ട്.

**1-8-1) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ**

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

**1-8-2) മുൻകൂർ രജിസ്റ്റർ**

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**1-8-3) സ്റ്റോക്ക് രജിസ്റ്റർ**

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**1-8-4) സ്യൂട്ട് രജിസ്റ്റർ**

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

**1-8-5) ഓഡിറ്റ് റിക്കവറി രജിസ്റ്റർ**

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ കാലികമാക്കിയിട്ടില്ല.

**1-8-6) ഡെപ്പോസിറ്റ് രജിസ്റ്റർ**

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

**1-9 സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചിട്ടില്ല**

ഗ്രാമപഞ്ചായത്തിന്റെ 01.03.2020-ലെ ആസ്തി-ബാധ്യത പത്രികയിലെ 350800101 – Liability In Respect Of State Cheques എന്ന ശീർഷകത്തിൽ ₹1,69,932/- രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, തുക Stale Cheque ബാധ്യത നിന്നും ക്രമീകരിച്ചിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 22, 44, 45 എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ മൂന്നുമാസ കാലാവധി കഴിഞ്ഞ Stale Cheque തുകകൾ ഗ്രാമപഞ്ചായത്തിന്റെ ബാധ്യത പട്ടികയിൽ നിന്നും ഒഴിവാക്കി ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

**1-10 ലോൺ രജിസ്റ്റർ അപാകതകൾ**

ജവഹർ ലോൺരജിസ്റ്റർ പ്രകാരം 31.03.2020- ലെ ബാലൻസ് ₹37,98,352/- ആണ്. എന്നാൽ ലോൺ സ്റ്റേറ്റ്മെന്റ് പ്രകാരം തിരിച്ചടക്കാൻ ബാക്കിയുള്ളത് ₹49,31,008/-യാണ് എന്ന് കാണുന്നു. ലോൺ അക്കൗണ്ടിൽ തിരിച്ചടക്കുവാൻ ബാക്കി നിൽക്കുന്ന തുകയിൽ തമ്മിൽ ₹11,32,656/-യുടെ വ്യത്യാസം വന്നിട്ടുള്ളത് പൊരുത്തപ്പെടുത്തേണ്ടതാണ്.

**1-11 ഡിപ്രിസിയേഷൻ**

2019-20 സാമ്പത്തിക വർഷം വിവിധ ആസ്തികൾക്ക് തേയ്മാനമായി ₹19,337,915.00/- രേഖപ്പെടുത്തിയിട്ടുള്ളത് അക്കൗണ്ട്സ് മാന്വൽ പ്രകാരമല്ല. ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

**1-12 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ**

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

**1-13 ലൈസൻസ് - സർക്കാർ ഉത്തരവ് പാലിച്ചില്ല**

മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ 5 സ്ലാബുകളായി തിരിച്ച് ലൈസൻസ് ഫീസ് നിർണ്ണയിക്കേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017-ലെ സ.ഉ(അ)80/2017പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. സഞ്ചയ രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്ന പേരിൽ മാത്രം നികുതി ഡിമാന്റ് ചെയ്തിരിക്കുന്നത് 719 കെട്ടിടങ്ങൾക്കാണ്. ലൈസൻസ് രജിസ്റ്റർ പ്രകാരം 289 സ്ഥാപനങ്ങൾ മാത്രമാണ് തൻവർഷം ലൈസൻസ് നേടിയിരിക്കുന്നത്. കൂടാതെ റിസോർട്ട്, ഹോംസ്റ്റേ, ഓഫീസ്, വ്യവസായം, ഇതര വ്യവസായങ്ങൾ എന്ന പേരിൽ വേറെയും കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം വളരെ കുറച്ച് സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസിന് അപേക്ഷിക്കുകയും നേടുകയും ചെയ്തിരിക്കുന്നത്. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട സത്യവാങ്മൂലം പല ലൈസൻസ് അപേക്ഷകളോടൊപ്പവും ഉൾപ്പെടുത്തുന്നില്ല. മാത്രമല്ല ലൈസൻസിനുള്ള അപേക്ഷകൾ സമയപരിധിക്കുള്ളിൽ (ഫെബ്രുവരി 28-നുള്ളിൽ) സമർപ്പിച്ചിട്ടില്ല. ലൈസൻസ് അപേക്ഷകളിൽ ലൈസൻസ് പുതുക്കുവാനാണോ പുതിയ ലൈസൻസിനുള്ള അപേക്ഷയാണോ എന്നുള്ള കോളം പൂരിപ്പിച്ചിട്ടില്ല. ലൈസൻസ് അപേക്ഷയിൽ ആവശ്യമായ വിവരങ്ങൾ എല്ലാം രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി മാത്രം ലൈസൻസ് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. പാർപ്പിടേതരം എന്ന ശീർഷകത്തിലുള്ള കെട്ടിടങ്ങളുടെ എണ്ണം താഴെ കൊടുക്കുന്നു.

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ളവ | 719 |
| കാർഷികാവശ്യം | 9 |
| വിദ്യാഭ്യാസാവശ്യം | 8 |
| ആയുർവ്വേദ സുഖചികിൽസാ കേന്ദ്രം | 5 |
| ആശുപത്രികൾ | 8 |
| ഓഫീസ് ആവശ്യത്തിനുള്ളവ | 55 |
| ആരാധനാലയം | 48 |
| ഇതര വ്യവസായത്തിനുള്ളവ | 67 |
| | |

| | |
|---|---|
| മൊബൈൽ ടവർ | 3 |
| വ്യവസായത്തിനുള്ളവ | 45 |
| ഹോംസ്റ്റേ | 27 |
| കോട്ടേജ് | 180 |
| റിസോർട്ട് | 495 |
| ആകെ | 1669 |

**1-14 വസ്തു നികതി - നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ്**

ലൈസൻസ് അപേക്ഷകർ തങ്ങളുടെ അപേക്ഷകളിൽ രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിട നമ്പർ, സഞ്ചയയിലെ വസ്തു നികതി നിർണ്ണയ കണക്കുകളുമായി ചേർത്ത് പരിശോധിച്ചപ്പോൾ യഥാർത്ഥത്തിൽ കണക്കാക്കേണ്ടതിലും കുറഞ്ഞ നികുതി നിരക്കിൽ കണക്കാക്കിയാണ് ഡിമാന്റ് ചെയ്തിരിക്കുന്നത് എന്ന് കാണുന്നു. ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 288 ലൈസൻസുകൾ നൽകിയിരിക്കുന്നു. ആയതിൽ 11 കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികതി നിർണ്ണയിച്ചതിൽ താഴെപ്പറയും പ്രകാരം കുറവ് സംഭവിച്ചിട്ടുണ്ട്.

| ക്രമ നം. | ഡി. & ഒ. രജിസ്റ്റർ പ്രകാരം ക്രമ നം. | ലൈസൻസിയുടെ/ കെട്ടിട ഉടമയുടെ പേര് | വാർഡ്/ നം. | ഉപയോഗ ക്രമം | വിസ്തീർണ്ണം (ച.മീ.) | നിർണ്ണയിച്ച നിരക്ക് ₹ | സഞ്ചയ പ്രകാരം നിർണയിച്ച് ഈടാക്കിയ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ ₹ | നിർണ്ണയിക്കേണ്ട നിരക്ക് ₹ | നികുതി | ഇളവ് | വർദ്ധനവ് | ലൈബ്രറി സെസ്സ് | ഈടാക്കേണ്ട നികുതി ₹ | കുറവ് ₹ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| A | B | C | D | E | F | G | H | I | J (F*I) | K | L | M | N (J-K+L+M) | O |
| 1 | 98 | മോളി സൈമൺ/ സൈമൺ ജോൺ | 5/12 | റിസോർട്ട് | 66 | 50 | 2626 | 80 | 5280 | 30% 1584 | 0% 0 | 185 | 3881 | 1255 |
| 2 | | | 5/13 | റിസോർട്ട് | 296 | 50 | 10335 | 80 | 23680 | 30% 7104 | 0% 0 | 829 | 17405 | 7070 |
| 3 | | | 5/14, | റിസോർട്ട് | 140 | 50 | 5145 | 80 | 11200 | 30% 3360 | 0% 0 | 392 | 8232 | 3087 |
| 4 | | | 5/15, | റിസോർട്ട് | 232 | 50 | 8526 | 80 | 18560 | 30% 5568 | 0% 0 | 650 | 13642 | 5116 |
| 5 | | | 5/16 | റിസോർട്ട് | 160 | 50 | 5880 | 80 | 12800 | 30% 3840 | 0% 0 | 448 | 9408 | 3528 |
| 6 | 151 | പി.ജെ. ജോർജ്ജ്, കൊല്ലം കരിയിൽ, വരട്ടയാർ | XII/482 | ഹോം സ്റ്റേ | 200 | 30 | 6300 | 50 | 10000 | 20% 2000 | 20% 2000 | 500 | 10500 | 4200 |
| 7 | 287 | സാജിദ് പി.എ ഫ്ലാറ്റ് നം 132 ഹോളി ഫെയ്ത്ത് H2 O കൊച്ചി | IX/220 | റിസോർട്ട് | 991.2 | 50 | 54640 | 80 | 79296 | 10% 7930 | 15% 11895 | 4136 | 87397 | 32757 |
| 8 | | | IX/221 | | 49 | 50 | 2316 | 80 | 3920 | 10% 392 | 0% 0 | 177 | 3705 | 1389 |
| 9 | | | IX/222 | | 49 | 50 | 2316 | 80 | 3920 | 10% 392 | 0% 0 | 177 | 3705 | 1389 |
| 10 | | | IX/223 | | 49 | 50 | 2316 | 80 | 3920 | 10% 392 | 0% 0 | 177 | 3705 | 1389 |
| 11 | | | IX/224 | | 49 | 50 | 2316 | 80 | 3920 | 10% 392 | 0% 0 | 177 | 3705 | 1389 |
| | | | | | | | | | | | | | ആകെ | 62569 |

സഞ്ചയ സോഫ്റ്റ്‌വെയറിൽ കൃത്യമായി അടിസ്ഥാന വസ്തു നികതി ഇക നൽകേണ്ടതാണ്. വസ്തുനികതി ഇനത്തിൽ കുറവ് വന്ന തുക പ്രസ്തുത കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം കൃത്യമായി നികതി നിർണ്ണയിക്കുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

സഞ്ചയയിൽ നികതി നിർണ്ണയം നടത്തിയിരിക്കുന്ന വിവിധ ഉപയോഗക്രമത്തിലുള്ള എല്ലാ കെട്ടിടങ്ങളുടെയും നികതി നിരക്കുകൾ കൃത്യമായാണോ നിർണ്ണയിച്ചിരിക്കുന്നത് എന്ന് പരിശോധിക്കുകയും നിർണ്ണയിച്ചിരിക്കുന്ന നിരക്കുകളിൽ കുറവുണ്ടെങ്കിൽ കൃത്യമാക്കി കുടിശിക ഉൾപ്പെടെയുള്ള തുക ഈടാക്കുവാൻ ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്. ആയത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം.19/22.09.2021) നൽകിയതിന് അപാകത പരിഹരിച്ച് നികതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**1-15 എസ്.എസ്.എ വിഹിതം - രേഖകൾ ഹാജരാക്കിയില്ല**

| | |
|---|---|
| ബിൽ നം./തീയതി/ഇക | 1910105201150038 6974/26.07.2019. ഇക ₹9,00,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ. വിഹിതം – |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം എസ്.എസ്.എ. വിഹിതം ഒടുക്കുന്നതിലേക്കായി പ്രോജക്ട് ആവിഷ്കരിക്കുകയും ₹9,00,000/- എസ്.എസ്.എ. പ്രോജക്ട് ഓഫീസർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം ചെലവഴിക്കാനുദ്ദേശിക്കുന്ന തുക, പ്രവർത്തന ഉദ്ദേശ്യങ്ങൾ എന്നിവ വ്യക്തമാക്കുകയോ പ്രസ്തുത ചെലവിന് ആനുപാതികമായി പഞ്ചായത്ത് ഒടുക്കേണ്ട തുകയുടെ കൃത്യത വ്യക്തമാക്കുകയോ ചെയ്തിട്ടില്ല. പ്രോജക്ട് ഓഫീസർ നൽകിയ ₹9,00,000/- വിനിയോഗിച്ചു എന്ന് മാത്രം രേഖപ്പെടുത്തിയ സാക്ഷ്യപത്രം ഫയലിൽ ചേർത്തിട്ടുണ്ട്. ആകെ പ്രതീക്ഷിത ചെലവ്, ആനുപാതികമായി പഞ്ചായത്ത് ഒടുക്കേണ്ട തുക എന്നിവ വ്യക്തമാക്കിയ ഡിമാന്റ് നോട്ടീസിന്റെ അഭാവത്തിൽ

ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുക സർക്കാർ ഉത്തരവിൽ അനുശാസിക്കും പ്രകാരമുള്ള നിരക്കിലാണോ എന്നത് വ്യക്തമല്ല. ഡിമാന്റ് നോട്ടീസിൽ ആവശ്യപ്പെട്ട രീതിയിലും അനുപാതത്തിലും തുക ചെലവഴിച്ചു എന്നതിനുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹9,00,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-16 മൃഗാശുപത്രിക്ക് കംപ്യൂട്ടർ വാങ്ങൽ - ബിൽ ഹാജരാക്കിയില്ല**

| | |
|---|---|
| പദ്ധതി | മൃഗാശുപത്രിക്ക് കംപ്യൂട്ടർ വാങ്ങൽ (223/20) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ചെലവ് | 1. ബിൽ നം. 191015201300075768/29.10.2019<br>(വികസന ഫണ്ട് -ജനറൽ) - ₹50,000/-<br>2. തനത് ഫണ്ട് ചെക്ക് നം. 54441/30.10.2019 - ₹38,969/-<br>ആകെ - ₹88,969/- |

പ്രസ്തുത പദ്ധതി പ്രകാരം മൃഗാശുപത്രിയിലേയ്ക്കായി 2 ലാപ്ടോപ്പ് കംപ്യൂട്ടറുകളും, 1 ഡെസ്ക്ടോപ്പ് കംപ്യൂട്ടറും കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇതിന് മേൽ പരാമർശിച്ച പ്രകാരം ആകെ - ₹88,969/- കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ ഈ കംപ്യൂട്ടർ വാങ്ങിയതിന്റെ ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കംപ്യൂട്ടറുകൾ വാങ്ങിയ തുകയുടെ കൃത്യത, വാറണ്ടി, സോഫ്റ്റ് വെയർ ഉടങ്ങിയ കാര്യങ്ങൾ ബോധ്യപ്പെടുന്നതിന് കംപ്യൂട്ടർ വാങ്ങിയ സ്ഥാപനത്തിൽ നിന്നുള്ള ബില്ല് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ബില്ലിന്റെ അഭാവത്തിൽ ₹88,969/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-17 നിയമപരമായ കാലാവധിക്ക് ശേഷവും കരാർ ചമയ്ക്കാത്ത കരാറുകാരുടെ ടെണ്ടർ റദ്ദ് ചെയ്യാതെ കരാർ ചമയ്ക്കാൻ അനുവദിച്ചു**

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009-6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരന് ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) നൽകണം. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം (സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത/ഡെസ്പാച്ച് ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ് ). 14 ദിവസത്തിനകം കരാർ ചമയ്ക്കാത്ത പക്ഷം 14 ദിവസത്തിന് ശേഷമുള്ള 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം ₹1,000/-, പരമാവധി ₹25,000/-) കരാർ ചമക്കാവുന്നതാണ്. ഈ 24 (14+10) ദിവസം കഴിഞ്ഞിട്ടും കരാർ ചമച്ചില്ലെങ്കിൽ ടെൻഡർ റദ്ദാക്കുകയും EMD കണ്ടുകെട്ടി ടെൻഡർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും വേണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യേണ്ടതും ഇത് സാധ്യമല്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണ്. എന്നാൽ, താഴെ പറയുന്ന പ്രവൃത്തികളുടെ കരാർ മേൽ പറഞ്ഞ 14 ദിവസത്തിന് ശേഷമാണ് ചമച്ചിരിക്കുന്നത് എങ്കിലും പിഴ ഈടാക്കിയിട്ടില്ല എന്നു കാണുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ കരാർ വെയ്ക്കാനുള്ള അവസാന തീയതി | കരാർ തീയതി/ തുക ₹ | പ്രവർത്തിയുടെ പൂർത്തീകരണ തീയതി/ പ്രവൃത്തി മൂല്യം | ഈടാക്കാവുന്ന പിഴ ₹ |
|---|---|---|---|---|---|---|---|
| 1 | 195/19-20<br>പവർ ഹൗസ് ലൈബ്രറി അറ്റകുറ്റപ്പണി പൂർത്തീകരണം<br>(183/19) | പ്രമോദ് പി.എസ്. | 26.11.18 | 10.12.18 | 11.01.2019<br>₹149981.5 | 11.03.2020<br>₹145962 | 1500 |
| 2 | 157/20-21<br>വള്ളക്കടവ് ഭാഗം കുടിവെള്ള പദ്ധതി<br>(33/19) | പ്രമോദ് പി.എസ്. | 26.11.18 | 10.12.18 | 11.01.2019<br>₹149765.00 | 10.02.2021<br>₹94529 | 1498 |

നിബന്ധന പാലിക്കാതെയും പിഴ ഈടാക്കാതെയും അതേ കരാറുകാരനെ തന്നെ കരാർ ചമക്കാൻ അനുവദിച്ചതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

മൂന്ന് മാസം എന്ന കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്ന കരാറുകാരനിൽനിന്നും നിയമാനുസൃത പിഴ ഈടാക്കാതിരുന്നതിനും ടി പ്രവർത്തികൾ സ്പിൽ ഓവറായ സാഹചര്യത്തിൽ നിയമാനുസൃതമായ കരാർ നിലവിലില്ലാതിരുന്നിട്ടും പുതിയ കരാറിൽ ഏർപ്പെടാതെ തന്നെ പ്രവർത്തി ചെയ്യാൻ കരാറുകാരനെ അനുവദിച്ചതിലും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.17/17.07.2021 നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ബന്ധപ്പെട്ട കരാറുകാരനോട് പിഴയൊടുക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

**1-18 ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിവരം ലഭ്യമല്ല**

**അഞ്ച് ലക്ഷം** രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.04.2015-ലെ ജി.ഒ(പി)1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമ പഞ്ചായത്ത് 2019-20 സാമ്പത്തിക

വർഷം ഇ-ടെൻഡർ നടപടികളിലൂടെ 39 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ (ടെൻഡർ ഫോം വില + ടെൻഡർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പ്രവൃത്തികളുടെ എണ്ണം | ടെൻഡർ ഫോം വില ₹ |
|---|---|---|
| 2019-20 | 39 | 30284 |

ഗ്രാമ പഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

**1-19 നിയമാനുസൃതമായ സമയ പരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് പിഴ ഈടാക്കിയിട്ടില്ല**

2019-20-ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'പവർ ഹൗസ് ലൈബ്രറി അറ്റകുറ്റപ്പണി പൂർത്തീകരണം' എന്ന പദ്ധതിയുടെ എഗ്രിമെന്റ് നം. 53/11.01.2019 പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടത് 11.04.2019-ൽ ആണ്. എന്നാൽ അളവ് പുസ്തകം 139/19-20-ലെ രേഖപ്പെടുത്തൽ പ്രകാരം പ്രവർത്തി പൂർത്തീകരിച്ച് അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 11.03.2020-ൽ ആണ്. വൗച്ചർ നം.21901152/25.03.2020 പ്രകാരം അവസാന പേയ്മെന്റ് നടത്തിയിട്ടുണ്ട്. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്നതിന് നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല. പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ നിയമാനുസൃതമായ അനുവാദം നേടുകയോ ചെയ്തിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018-ലെ എ.സി.-2/223/15/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് കരാർ തുകയുടെ ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടതാണ്.

വിശദ വിവരം ചുവടെ ചേർക്കുന്നു :

| സെലക്ഷൻ നോട്ടീസ് തീയതി/ എഗ്രിമെന്റ് തീയതി | പ്രവൃത്തി പൂർത്തി യാക്കേണ്ട തീയതി | പൂർത്തി യാക്കിയ തീയതി | കാലാവധിയുടെ 20% കിഴിച്ച ശേഷമുള്ള അധിക കാലയളവ് | കരാർ തുക (₹) | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 26.11.2018/ 11.01.2019 | 11.04.2019 | 11.03.2020 | 10 മാസം | 149981 | ആദ്യ മൂന്ന് മാസം - 149981 X 1% = ₹1500/-തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിൽ 6 മാസത്തേയ്ക്ക് 149981x4%= ₹5,999/- ആകെ = 7499 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/17.09.2021) നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കിയ മറുപടിയിൽ കരാറുകാരന് നോട്ടീസ് നല്കിയിട്ടുള്ളതായും പിഴ ഈടാക്കി ഒടുക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

2012-ലെ കേരള പൊതുമരാമത്ത് മാന്വൽ പ്രകാരം പരമാവധി നീട്ടിക്കൊടുക്കാവുന്ന കാലയളവ് പ്രവൃത്തിക്ക് അനുവദിച്ച കാലയളവിന്റെ 50% ശതമാനത്തിൽ അധികരിക്കാൻ പാടില്ലാത്തതാണ്. ഫൈനൽ ബിൽ തുക അനുവദിച്ചപ്പോൾ പിഴ തുക ഈടാക്കാത്തതിന് വിശദീകരണം നൽകുന്നതിനോടൊപ്പം കരാറുകാരനിൽ നിന്നും പിഴ ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**1-20 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല**

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ, പേമാരി, വെള്ളപ്പൊക്കം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്ത് നിവാസികളുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നല്കുന്നതിനുദ്ദേശിച്ച് വേറിട്ട് രൂപീകരിക്കുന്ന ഒരു അക്കൗണ്ടാണ് ദുരിതാശ്വാസ നിധി. എന്നാൽ നാളിതുവരെയും ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വസനിധി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ഉദ്ദേശ്യം മുൻ നിർത്തി ചട്ടം 3(2) പ്രകാരം കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ച് സംഭാവനകൾ സ്വീകരിച്ച് അക്കൗണ്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**1-21 ആശ്രയ പദ്ധതി - തുക ചെലവഴിക്കാത്തത്**

തൻവർഷം ആശ്രയ (5/20) പദ്ധതിയുടെ നടത്തിപ്പിനായി Bill No. 1910105201270046094/17.08.2019 പ്രകാരം വികസന ഫണ്ടിൽ (ജനറൽ) നിന്നും ₹6,56,490/- കുടംബശ്രീ മെമ്പർ സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക ചെലവഴിച്ചതിന്റെ രേഖകൾ ഫയലിലില്ല. പ്രസ്തുത തുകയുടെ ചെലവ് വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും കുടംബശ്രീയിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആശ്രയ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് ഫണ്ടുകൾ അഗതിരഹിത കേരളം പദ്ധതിയിലേയ്ക്ക് മാറ്റേണ്ടതാണ്.

**1-22 എച്ച്.എം.സി. വാർഷിക കണക്കുകൾ സമർപ്പിക്കുന്നില്ല**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെട്ടതാണ്. വകുപ്പ് 173(എ), 2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31-നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (അലോപ്പതി, ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(Xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള

സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-2020 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | . |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 300000 | പാലിയേറ്റിവ് കെയർ | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 281250 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ | 281250 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-2020 | 15216 | ക്ഷീരോൽപാദനത്തിന് സബ്സിഡി | 15216 | 0 |

### 4-3 നിക്ഷേപ പ്രവർത്തികൾ

– ഇല്ല –

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

- ഇല്ല –

### 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് ലൈഫ് ഭവന പദ്ധതിക്കായി ₹93,36,948/-യുടെ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | തൻവർഷം വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻ വർഷം തിരിച്ചടച്ച മുതൽ ₹ | തൻ വർഷം തിരിച്ചടച്ച പലിശ ₹ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| ഭവന നിർമ്മാണ പദ്ധതി | സ.ഉ. (എം.എസ്.)2278/ തസ്വഭവ/18.08.2018 | 18080000 | 9336948 | 8743052 | 580882 | 0 | 17499118 |
| ജവഹർ ഭവന പദ്ധതി | സ.ഉ. നം.1577/15/ എൽ.എസ്.ജി.ഡി തീയതി. 27.5.2015 | 5960000 | 0 | 4562133 | 763781 | 236219 | 3798352 |

### 4-6 സ്ഥിര നിക്ഷേപം

- ഇല്ല -

**4-7 ഓഡിറ്റ് റിക്കവറി**

- ഇല്ല -

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം**

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | - | 1999-00 | - | ഉപാധിരഹിത ഫണ്ട് ഉപയോഗിച്ചുള്ള പൊതുമരാമത്ത് പ്രവൃത്തികൾ ക്രമരഹിതമായി പണം ചെലവഴിച്ചു | ബഹു.സമിതിയുടെ പരിഗണനയിൽ |
| 2006-07 | 2-7 | 2009-10 | 2.6 | വിവിധ ഷോപ്പിംഗ് കോംപ്ലക്സുകൾ മുദ്രപ്പത്രയിനത്തിലെ നഷ്ടം – ₹9,161/- | ബഹു.സമിതിയുടെ പരിഗണനയിൽ |
| 2006-07 | 3-11 | 2009-10 | 2-8 | വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ – ₹7,57,450/- | ബഹു.സമിതിയുടെ പരിഗണനയിൽ |
| സ്പെഷ്യൽ ഓഡിറ്റ് | | 2015-16 | 5.1.1മുതൽ 5.1.5വരെ | കെട്ടിട നിർമ്മാണ പെർമിറ്റ് പോരായ്മകൾ | ബഹു.സമിതിയുടെ പരിഗണനയിൽ |
| 2016-17 | | 2017-18 | 1.6.1 | തെറ്റായ പൂർത്തീകരണ പ്ലാൻ അടിസ്ഥാനപ്പെടുത്തി കെട്ടിട നമ്പർ അനുവദിച്ച് വസ്തുനികുതി നിർണ്ണയിച്ചു | ബഹു.സമിതിയുടെ പരിഗണനയിൽ |

**4-9 ചാർജ് സർചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ**

എ) ചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്/ ഔദ്യോഗിക സ്ഥാനം/ ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | ചാർജ്/ സർ ചാർജ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ/ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്കസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1996-97 | 30 (A) & 32 | കെ.വി. ആന്റണി ജെ.എസ്. ദേവികുളം ബ്ലോക്ക് പഞ്ചായത്ത് | എൽ.എഫ്. 603/ സ്പെ. സെൽ എസ്.സി.2/ 2000, 25.01.2002 | 4995 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4995 | |
| 2 | 2000-01 | 26 | കെ.എം. ഷാജി മോഹനൻ സെക്രട്ടറി | എൽ.എഫ്. 2721/ സ്പെ. സെൽ എസ്.സി.2/ 2004, 23.12.04/ 14.01.05 | 42600 | ഇല്ല | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 42600 | |

ബി) സർചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്/ ഔദ്യോഗിക സ്ഥാനം/ ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | ചാർജ്/ സർ ചാർജ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപന | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, | കോടതി വ്യവഹാരങ്ങളിൽ/ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | ത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | തിയതി ₹ | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1996-97 | 33,34, 35 (1)(2), 36,37 | കെ. വി. ആന്റണി സെക്രട്ടറി | എൽ.എഫ്. 603/ സ്പെ.സെൽ എസ്.സി.2/ 2000, 25.1.2002 | 4929 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4929 | |
| 2 | 1998-99 | 30,31, 33,35 | എം. കെ. മോഹനൻ ജെ.എസ്. | എൽ.എഫ്. 6876/ സ്പെ.സെൽ എസ്.സി.2/ 2002, 16.12.02 | 19332 | ഇല്ല | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 19332 | |
| 3 | 2004-05 | 3-8 (Part) | കെ. സുധാകരൻ അസി.എക്സി. എഞ്ചിനീയർ | എൽ.എഫ്. 19649/ സ്പെ.സെൽ എസ്.സി.2/ 2007, 24.10.09 | 2688 | ഇല്ല | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2688 | |

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 32670892 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 79069072 |
| ആകെ | 111739964 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70724500 |
| നീക്കിയിരിപ്പ് | 41015464 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 988969 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| -- | -- | -- | -- |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 900000 | ശ്രീ.ഹരി പുരുഷോത്തമൻ, സെക്രട്ടറി |
| 1-16 | 88969 | ഡോ.റിനോജ് ജോസഫ് , വെറ്ററിനറി സർജൻ |
| | 988969 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക ₹ | സർക്കാർ |
|---|---|---|
| ഇല്ല | | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | സർക്കാർ |
|---|---|---|
| ഇല്ല | | |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

| ഖണ്ഡിക നമ്പർ | ഇല്ല |
|---|---|

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഹരി പുരുഷോത്തമൻ, സെക്രട്ടറി | - | ഹണി ലാന്റ് പേട്ട പി. ഒ. തിരുവനന്തപുരം |
| ഡോ. റിനോജ് ജോസഫ്, വെറ്ററിനറി സർജൻ | - | തേക്കുംകാട്ടിൽ തോക്കുപാറ പി. ഒ. ഇടുക്കി |

**4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം**

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ നമ്പർ | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1996-97 | LFI-8/442/98/ 18.11.1998 | 21 | PART -II- 30(A)(B)(C), 31, 32, PART -III-. 33, 34,35, 36, 37, PART -IV, 38, 39, 40, 41, 42,43, 44, 45, 46, 47, 48 |
| 1997-99 | LFI-8-15/2002/ 02.02.2002 | 27 | PART-II 22, 23, 24, 25(A),(B), 26, 27, 28, 30, 31, 32, 33, 34, 35, 36, 37, 38, 39,40, 41, 42, 43, 44,45, 46, 47, 48 |
| 1998-99 | LFI-8/16/2002/ 27.03.2002 | 17 | PART-II-19, 20, 21, 22,23, 24, 26, 27,28, 29, 30, 31, 32,33, 34, 35, 36, |
| 1999-00 | LFI-8/46/02/ 05.03.2003 | 20 | PART-II-19(1), 20, 21, 2 KSA-IDK-2,23,24, 25(1)(2),(3), 26,27, 28, 29, 30, 31(1),(2),32,33,34,35, |
| 2000-01 | LFI-8/707/03/ 08.01.2004 | | |
| 2001-02 | LFI-8/632/03/ 10.08.2005 | 12 | PART-II 1, 2, 5,9,10,11, 12, 13,14,15, 16, 17 |
| 2002-03 | LFI-8/403/2005/ 22.08.2006/23.01.2007 | 19 | 2.1, 2.2, 2.3, 2.4, 2.5, 3.1, 3.2, 3.3, 3.4, 3.5, 3.6,3.7, 3.8, 3.9, 3.10, 3.11, 3.12(A),(B), 3.13 |
| 2003-04 | LFI-7/425/07 20.07.2007 | 10 | 2.1, 2.2, 2.3, 2.4, 2.5, 2.6, 3.1, 3.2, 3.3, 3.4 |
| 2004-05 | LFI-7/810/2007 06.10.2017/01.11.2017 | 15 | 2.1, 2.2, 2.3, 2.4, 2.5, 3.1, 3.2, 3.3, 3.4, 3.5, |

| | | | |
|---|---|---|---|
| | | | 3.6, 3.7(A),(B), 3.8, 3.9 |
| 2005-06 | LFI-7/1081/2008 26.08.2009 | 10 | 2.1, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9 |
| 2006-07 | LFI-7/1112/2000 24.12.2000 | 24 | 2.1, 2.2(A),(B) 2.3, 2.4(A),(B),2.5,2.6,2.7, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9, 3.10, 3.11, 3.12, 3.13, 3.14, 3.15, |
| 2007-08 | LFI-11/1469/12/ 04.05.2013 | 33 | 2.1(1)(2), 2.2, 2.3, 2.4, 2.5, 2.6(A,B,C,D), 2.7,2.11, 2.12 3.1, 3.2, 3.3, 3.4, 3.5,3.6, 3.7, .3.8, 3.9, 3.10, 3.11,3.12,3.13,3.14, 3.15,3.16, 3.17, 3.18, 3.19 |
| 2008-09 | LFI-11-547/11 20.12.2011 | 15 | 2.1, 2.2, 2.3,2.4(A)(B) 2.5, 3.1,3.2,3.3,3.4,3.5, 3.6, 3.7, 3.8, 3.9, |
| 2009-10 | LFI-11/547/2011 03.04.2013/12.04.2013 | 14 | 2.1, 2.2, 2.3, 2.4, 2.5, 2.6, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, |
| 2010-11 & 2011-12 | KSA-IDK-11/300/18 18.03.2018/08.03.2018 | 15 | 2.3, 2.4, 2.5(A)(B), 3.3, 3.5(3,5,6,7),3.6, 3.7,3.8,3.9,3.10,3.12 |
| 2012-13 | KSA-IDK-11/1424/17 1710.2017/24.10.2017 | 9 | 2.1(A),(B), 2.2, 2.3, 3.1, 3.3, 3.4, 3.5, 3.6 |
| 2013-14 | KSA-IDK-11/1028/15 08.10.2015 | 9 | 2.1, 2.2, 3.1, 3.2, 3.3, 3.4, 3.5,3.7,3.8 |
| 2014-15 | KSA-IDK-11/827/17 17.10.2017/02.11.2017 | 6 | 2.2, 2.3. 3.2, 3.3, 3.4, 3.5 |
| 2015-16 | KSA-IDK/11/469/2017/ 12.04.2017 | 6 | 3.2, 3.3, 3.5(1,2), 3.6, 3.7, |
| 2016-17 | KSA-IDK/11/1420/17/ 13.11.2017/12.01.2018 | 10 | 2.1, 2.2, 2.3, 2.4, 2.5, 2.6, 2.7, 3.1, 3.2, 3.3, |
| 2017-18 | കെ.എസ്എ-ഐ.ഡി.കെ-11/ 1374/18 /5.12.2018 | 13 | 1-10, 1-12, 2-1, 2-2, 3-1,3-2, 3-3, 3-4,3-5, 3-6,4-7, 4-8, 4-9 |
| 2018-19 | കെ.എസ്എ-ഐ.ഡി.കെ-11/1086/2019/07.03.2020 | 20 | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-22, 1-23, 1-24, 2-1, 3-1, 4-8, 4-9, 4-10, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

**അനുബന്ധം-1**

**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**<u>അനുബന്ധം-2</u>**

**<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>**

ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്